**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2286** **30-07-2021 - ൽ മറുപടിയ്ക്ക്**

**കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിന് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ ബോട്ട് നഷ്ടപ്പെട്ടാൽ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കടൽ ക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ മൽസ്യബന്ധനോപാധികൾക്കുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക SDRF-ൽ നിന്നും CMDRF-ൽ നിന്നുമാണ് ധന സഹായം നൽകി വരുന്നത്. 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്ക് (ഹള്ളിനും, എഞ്ചിനും) ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്ക നഷ്ടം സംഭവിച്ചാൽ ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ യാനത്തിനുണ്ടായ നഷ്ടം വിലയിരുത്തി നൽകുന്ന റിപ്പോർട്ടിന്റെയും ഇൻഷ്വറൻസ് ഇൻസ്പെക്ടറുടെ പരിശോധന യുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ യാനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി നഷ്ട പരിഹാരം നൽകുന്നുണ്ട്. |
| (ബി) | കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെ തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ.വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ഫയൽ നമ്പർ ബി3/113/2020/മഉവ. തീയതി 19.02.2020 ൻമേൽ എന്തുനടപടിയാണ് ഫിഷറീസ് വകുപ്പ് ഇതുവരെ സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെ തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്മേൽ ഫിഷറീസ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ